## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 662

28.02.2018 ലെ മറുപടിയ്ക്ക്.

# പ്രീമെട്രിക്ക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ

**ചോദ്യം**

**ശ്രീ.അൻവർ സാദത്ത്**

**ഉത്തരം**

**ശ്രീ. എ. കെ. ബാലൻ**

പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രീമെട്രിക്ക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന മെസ്സ് അലവൻസിൽ എന്തെങ്കിലും വർദ്ധനവ് വരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്.<br><br>പട്ടികജാതി വികസന വകുപ്പിനു കീഴിൽ പ്രീമെട്രിക്ക്, പോസ്റ്റ് മെട്രിക് ഹോസ്റ്റൽ വിദ്യാർത്ഥികളുടെ മെസ്ചാർജ്ജ് പ്രീമെട്രിക്ക് ഹോസ്റ്റലുകളിൽ 2500/- രൂപയും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ 2875/- രൂപയുമായി വർദ്ധിപ്പിച്ചിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രീമെട്രിക്, പോസ്റ്റ് മെട്രിക് എം.ആർ.എസ്സുകളിലേയും മെസ്സ് ചാർജ്ജിൽ ചുവടെ ചേർക്കുന്ന പ്രകാരം വർദ്ധന വരുത്തിയിട്ടുണ്ട്.<br><br>(i) പ്രീമെട്രിക്ക് ഹോസ്റ്റലിലെയും മോഡൽ റസിഡൻഷ്യൽ സ്കൂളിലേയും എസ്.എസ്.എൽ.സി. വരെ പഠിക്കുന്ന വിദ്യാർത്ഥികളുടെ മെസ്ചാർജ്ജ് 2000/- രൂപയിൽ നിന്നും 3000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.<br><br>(ii) മോഡൽ റസിഡൻഷ്യൽ സ്കൂളിലെ ഹയർ സെക്കന്ററി വിഭാഗം വിദ്യാർത്ഥികളുടെ മെസ്സ് ചാർജ്ജ് 2300/- രൂപയിൽ നിന്നും 3450/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.<br><br>(iii) പ്രീമെട്രിക്ക് ഹോസ്റ്റലിൽ +2 വിന് പഠിക്കുന്ന വിദ്യാർത്ഥികളുടെ മെസ്സ് ചാർജ്ജ് 2300/- രൂപയിൽ നിന്നും 3450/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.<br><br>(iv) പോസ്റ്റ് മെട്രിക് ഹോസ്റ്റലിലെ വിദ്യാർത്ഥികളുടെ മെസ്സ് ചാർജ്ജ് 2300/- രൂപയിൽ നിന്നും 3450/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ശ്രീ. അയ്യൻകാളി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂളിലെ പ്രതിദിന മെസ്സ് ചാർജ്ജ് നിലവിലെത്രയാണ്; വിശദമാക്കമോ; | (ബി) | നിലവിൽ മെസ്ചാർജ്ജ് 130/- രൂപയിൽ നിന്നും 200/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (സി) | കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ നിത്യോപയോഗസാധനങ്ങളുടെ വിലയിലുണ്ടായിട്ടുള്ള അഭൂതപൂർവ്വമായ വർദ്ധനവ് പരിഗണിച്ച് മെസ്സ് അലവൻസ് പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**